കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം.2/163/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ-673121
ഫോൺ: 04936-203672
e-mail:dowyd.ksad@kerala.gov.in
തീയതി: 20.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം :കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)എം.2/163/2017 തിയ്യതി:- 20.03.2017.

<u>വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 18 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ

നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . പി.ബി.സുരേന്ദ്രൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.02.17 മുതൽ 03.03.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവാസ് കെ എം,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനോഹരൻ എ.വി.<br>സീനിയർ ഗ്രേഡ്ഓഡിറ്റർ. |
| | ശ്രീമതി.റ്റിജി വർഗ്ഗീസ്, ഓഡിറ്റർ. |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.അനിൽകുമാർ | 01.04.15 മുതൽ 30.11.2015 വരെ |
| | ശ്രീമതി.ശകുന്തള ഷൺമുഖൻ | 01.12.15 മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.റുഖിയ ടീച്ചർ | 01.04.15 മുതൽ 30.11.2015 വരെ |
| | ശ്രീ.കെ.കെ.ഹനീഫ | 01.12.15 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ.നസീർ ആലക്കൽ | 01.04.15 മുതൽ 30.11.2015 വരെ |
| | ശ്രീമതി.ഉഷ തമ്പി | 01.12.2015 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി.ആയിഷ ഹനീഫ | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീ.സെയ്ത് | 01.12.2015 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീ.എം.ആർ.ബാല കൃഷ്ണൻ | 01.04.15 മുതൽ 30.11.2015 വരെ |
| | ശ്രീമതി.ജിൻസി സണ്ണി | 01.12.15 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. പി.ജി കണ്ണൻ നായർ | 01.04.2015 മുതൽ 05.08.15 വരെ |
| സെക്രട്ടറി (ഇൻ ചാർജ്ജ്) | ശ്രീ.ജോസഫ്. കെ. എം | 06.08.2015 മുതൽ 04.10.15 വരെ |
| സെക്രട്ടറി | ശ്രീ.എം.കെ ഹരിദാസ് | 05.10.2015 മുതൽ 31.03.16 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സൂപ്രണ്ട്, വൈത്തിരി താലൂക്ക് ഹോസ്പിറ്റൽ | ഡോ.സുജിത് കുമാർ പി | 01.04.2015 മുതൽ 12.04.2015 വരെ |
| | ഡോ.ആഷ.വി.വി. | 12.04.2015 മുതൽ 31.03.2016 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (ഇൻ ചാർജ്ജ്) | ശ്രീമതി.ലൗലി മാത്യു | 01.04.2015 മുതൽ 09.06.2015 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.മായാദേവി. എം.ആർ | 10.06.2015 മുതൽ 31.03.2016 വരെ |
| അസി.എക്സി.എഞ്ചിനീയർ | ശ്രീ.കെ. പ്രമോദ് | 01.04.2015 മുതൽ 23.04.2015 വരെ |
| | ശ്രീ.അബ്ദുൾ സലീം.എൻ | 24.04.2015 മുതൽ 19.06.2015 വരെ |
| | ശ്രീ.ജിനീഷ്.കെ.ബി | 20.06.2015 മുതൽ 16.09.2015 വരെ |
| | ശ്രീ.റോയ് ഐസക്ക് | 17.09.2015 മുതൽ 31.03.2016 വരെ |
| കൃഷി അസി.ഡയറക്ടർ | വി ടി സുലോചന | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.എം.എൻ. ബാബുരാജൻ | 01.04.2015 മുതൽ17.01.2016 വരെ |
| | ശ്രീ.ഡായിമോൻ.ജി.എസ് | 18.01.16മുതൽ 31.03.16 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.സെബിൻ. പി.എഫ് | 01.04.2015 മുതൽ 31.03.16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| 9 | <u>ഭാഗം 2</u><br><u>വരവ് കണക്കുകളിന്മേലുള്ള നിരീക്ഷണങ്ങൾ</u> | ഇല്ല | |
| | <u>ഭാഗം 3</u><br><u>ചെലവ് കണക്കുകളിന്മേലുള്ള നിരീക്ഷണങ്ങൾ</u> | | |
| 10 | ലേബർ കോൺട്രക്ട് സൊസൈറ്റിക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചു.5,450/- രൂപ നിരാകരിക്കുന്നു. | 3-1 | |
| 11 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല | 3-2 | |
| 12 | കൂടിയ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു.ചെലവ് തുക 17,045/- രൂപ നിരാകരിക്കുന്നു. | 3-3 | |
| 13 | ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് - സംബന്ധിച്ച്. | 3-4 | |
| 14 | വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തത് | 3-5 | |
| 15 | ഐ എ വൈ ഭവനം 2015-16 | 3-6 | |
| 16 | ഭിന്നശേഷിയുള്ളവർക്ക്സ്കോളർഷിപ്പ് - വിനിയോഗ വിവരം ലഭ്യമല്ല.1,25,000/- രൂപ തടസ്സം | 3-7 | |
| 17 | ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ നല്കൽ -മൂല്യവർദ്ധിത നികുതി, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 29,65,455/- രൂപ തടസ്സം. | 3-8 | |
| 18 | നിർവ്വഹണോദ്യോഗസ്ഥർ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-9 | |

| | | | |
|---|---|---|---|
| 21 | കാർഷീക ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ,കരാർ ഉടമ്പടി എന്നിവ സൂക്ഷിച്ചിട്ടില്ല 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-10 | |
| 22 | ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല. | 3-11 | |
| 23 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്ക് എൽ.എം.വി/ ഓട്ടോറിക്ഷാ പരിശീലനം - ഗ്രാമസഭ അംഗീകരിക്കാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. ചെലവ് തുക 17,000/- രൂപ തടസ്സം. | 3-12 | |
| 24 | വിജ്ഞാൻ വാടികൾ ശക്തിപ്പെടുത്തൽ-ചെലവ് തുക 7,91,800/- രൂപ സടസ്സം. | 3-13 | |
| 25 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - ചെലവ് തുക 4,99,995/- തടസ്സം. | 3-14 | |
| 26 | പഞ്ചിംഗ് മെഷീൻ -വാറണ്ടി കാലാവധി തീരുന്നതിനു മുൻപ് പ്രവർത്തന ക്ഷമമല്ലാതായി-ചെലവ് തുക 21,925/-രൂപ തടസ്സം. | 3-15 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-1 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-2 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-3 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-4 | |
| 32 | ഓഡിറ്റ് റിപ്പോർട്ട് | അനുബന്ധം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 03.03.16 തീയതിയിലെ 1/15-16 തീരുമാനപ്രകാരം അംഗീകരിച്ചു. 2015-16 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 27.09.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| - | - | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11,18,70,617 |
| വരവ് | 20,24,82,076 |
| ആകെ | 31,43,52,693 |
| ചെലവ് | 20,93,19,174 |
| നീക്കിയിരിപ്പ്- | 10,50,33,519 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,15,74,881 | 4,25,82,000 | 6,41,56,881 | 4,82,43,666 | 1,59,13,215 | 75% |
| വികസനഫണ്ട് എസ്.സി.പി. | 29,66,405 | 78,01,000 | 1,07,67,405 | 51,65,374 | 56,02,031 | 48% |
| വികസനഫണ്ട് ടി.എസ്.പി. | 51,40,259 | 2,03,74,000 | 2,55,14,259 | 1,67,74,707 | 87,39,552 | 66% |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 27,91,653 | 61,94,000 | 89,85,653 | 89,85,653 | - | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| കേന്ദ്രാവിഷ്കൃത പദ്ധതി | 7,52,94,116 | 12,16,66,076 | 19,69,60,192 | 9,50,94,427 | 10,18,65,765 | 48% |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപസ് ഗ്രാന്റ് | 40,25,904 | 30,00,000 | 70,25,904 | 39,35,549 | 30,90,355 | 56% |
| ബി ഫണ്ട് | - | 8,65,000 | 8,65,000 | 8,65,000 | - | 100% |

ഓഡിറ്റ് സമയത്ത് ബ്ലോക്ക്പഞ്ചായത്ത് നൽകിയ കണക്ക് വാർഷിക കണക്കിൽ തൻവർഷ വരവുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 10,87,95,459 | 71 | 7,45,36,870 | 25 | 36 | 53% |

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ല. നിർവഹണ ഉദ്യോഗസ്ഥർ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.07/15-16 പ്രകാരം മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി നൽകിയില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2012 | 2009-10 | 13.4.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2016 മുതൽ 13.06.2016വരെ | 01.10.11 മുതൽ 31.05.16 വരെ | 12.07.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2 -

--ഇല്ല--

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലേബർ കോൺട്രക്ട് സൊസൈറ്റിക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചു.5450/- രൂപ നിരാകരിക്കുന്നു.

ബ്ലോക്ക്പഞ്ചായത്തിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തിക്ക് കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചു. 13.11.1997 ലെ ജി.ഒ.(എം.എസ്)135/97/സഹ: പ്രകാരം സ്വകാര്യ കോൺട്രാക്ടർമാർ സമർപ്പിക്കുന്ന ഏറ്റവും കുറഞ്ഞ ക്വോട്ടേഷനേക്കാൾ 10% അധികം നൽകി ലേബർ

കോൺട്രക്ട് സൊസൈറ്റികൾക്ക് സർക്കാർ പ്രവൃത്തികൽ ഏൽപ്പിച്ച കൊടുക്കാവുന്നതാണെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ബാധകമല്ല എന്ന് 04.08.2003 - ലെ സർക്കുലർ നം. 34947/ഡി.പി.1 /03/ത.സ്വ.ഭ.വ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതുക്കുടി കല്ലട നൊട്ടൻ വീട് റോഡ് പാർശ്വ ഭിത്തി പ്രവൃത്തിക്കായി 2015-16 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 208/2016 |
| പ്രോജക്ടിന്റെ പേര് | പുതുക്കുടി കല്ലട നൊട്ടൻ വീട് റോഡ് പാർശ്വ ഭിത്തി |
| നിർവ്വഹണം | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| അടങ്കൽ | 5,00,000/- രൂപ |
| ചെലവ് | 4,39,450/-രൂപ ബിൽ നം.27/15-16/11/03/16<br>(കോൺട്രാക്ടർക്ക് നൽകിയത് 4,08,688/- നികുതി 30,762/-) |
| അളവ് പുസ്തകം | 113/15-16 |
| പ്രവൃത്തി മൂല്യം | 5,00,000/- രൂപ |
| കരാറുകാരൻ | കൽപ്പറ്റ ലേബർ കോൺട്രക്ട് സൊസൈറ്റി |
| ടെണ്ടർ തീയതി | 22.9.2015 |

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ 6 കരാറുകാരാണ് പങ്കെടുത്തിരുന്നത്. ടെണ്ടറിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശ്രീ. മൊയ്തു ഓണിമേൽ എന്ന കരാറുകാരന്റെ (13.2% കുറവ്) ടെണ്ടർ അംഗീകരിക്കാതെ 12.11% കുറവ് ക്വോട്ട് ചെയ്ത കൽപ്പറ്റ ലേബർ കോൺട്രക്ട് സൊസൈറ്റിയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

നഷ്ടം – 5,00,000x(13.2-12.11)/100=5450/-

കൂടിയ നിരക്കിലുള്ള കൽപ്പറ്റ ലേബർ കോൺട്രക്ട് സൊസൈറ്റിടെ ടെണ്ടർ അംഗീകരിച്ചതു കാരണം പഞ്ചായത്തിന് 5450/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. 5,450/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3- 2 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5 % നിരക്കിൽ മൂല്യവർദ്ധിതനികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഉൽപ്പന്നം | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5 |

| | | | |
|---|---|---|---|
| 6244 | M SAND | V | 14.5 |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൾ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിതനികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഇത്തരത്തിൽ സാധനങ്ങൾ വാങ്ങിച്ചതിന്റെ എതാനും ഉദാഹരണം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | മണൽ /എം.സാൻഡ് | | ജില്ലി/കരിങ്കല്ല് | | | |
|---|---|---|---|---|---|---|---|
| | | | | 20 mm | | 40mm | |
| | | അളവ് | തുക | അളവ് | തുക | അളവ് | തുക |
| 1 | കുന്ദമംഗലം വയൽ റോഡ് കോൺക്രീറ്റ് | 5 load | 40000 | | 35000 | 40 load | 160000 |

സർക്കാർ ഖജനാവിന് ലക്ഷകണക്കിന് രൂപയുടെ ധനനഷ്ടം ഉണ്ടാക്കുന്ന മേൽ കാര്യം തടയുന്നതിന് ഭരണസമിതി നടപടിയെടുക്കേണ്ടതാണ്.

## 3-3 കൂടിയ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു.17,045/-രൂപ നിരാകരിക്കുന്നു.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തെനേരി ഭരതൻ കോളനി റോഡ് പ്രവൃത്തിക്കായി 2015-16 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 189/2016 |
| പ്രോജക്ടിന്റെ പേര് | തെനേരി ഭരതൻ കോളനി റോഡ് പ്രവൃത്തി |
| നിർവ്വഹണം | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| അടങ്കൽ | 5,00,000/- രൂപ |
| ചെലവ് | 3,98,955/-രൂപ ബിൽ നം. 37/15-16/30-03-16 |
| അളവ് പുസ്തകം | 139/15-16 |
| പ്രവൃത്തി മൂല്യം | 4,76,073/- രൂപ |
| കരാറുകാരൻ | ബിജു സ്കറിയ |
| ടെണ്ടർ തീയതി | 18.1.2016 |

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ 3 കരാറുകാരാണ് പങ്കെടുത്തിരുന്നത്. ടെണ്ടറിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശ്രീ. സുനിൽ കുമാർ എന്ന കരാറുകാരന്റെ (18.1% കുറവ്) ടെണ്ടർ അംഗീകരിക്കാതെ 16.2% കുറവ് ക്വോട്ട് ചെയ്ത ബിജു സ്കറിയയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

നഷ്ടം – 4,76,073x(18.1-16.2)x100 = 9,045/-

കൂടിയ നിരക്കിലുള്ള ബിജു സ്കറിയയുടെ ടെണ്ടർ അംഗീകരിച്ചതു കാരണം പഞ്ചായത്തിന് 9045/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. 9045/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു.

2) ചേനംകൊല്ലി റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2015-16 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 44/2016 |
| പ്രോജക്ടിന്റെ പേര് | ചേനംകൊല്ലി റോഡ് ടാറിംഗ് പ്രവൃത്തി |
| നിർവ്വഹണം | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| അടങ്കൽ | 5,00,000/- രൂപ |
| ചെലവ് | 4,89,500/-രൂപ ബിൽ നം. 39/15-16/30/03/16 |
| അളവ് പുസ്തകം | 138/15-16 |
| പ്രവൃത്തി മൂല്യം | 5,00,000/- രൂപ |
| കരാറുകാരൻ | അബ്ദുൾ മുത്തലിബ് |
| ടെണ്ടർ തീയതി | 12.2.2016 |

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ 2 കരാറുകാരാണ് പങ്കെടുത്തിരുന്നത്. ടെണ്ടറിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശ്രീ. ഹംസ വി.കെ. എന്ന കരാറുകാരന്റെ (3.7% കുറവ്) ടെണ്ടർ അംഗീകരിക്കാതെ 2.1% കുറവ് ക്വോട്ട് ചെയ്ത അബ്ദുൾ മുത്തലിബിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

നഷ്ടം – 5,00,000x(3.7-2.1)/100=8000/-

കൂടിയ നിരക്കിലുള്ള ബിജു സ്കറിയയുടെ ടെണ്ടർ അംഗീകരിച്ചതു കാരണം പഞ്ചായത്തിന് 8,000/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. 8,000/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് - സംബന്ധിച്ച്.

ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)248/2012/ത.സ്വ.ഭ.വ, 29.09.2012) ഖണ്ഡിക 7.11.6 പ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, ഖണ്ഡിക 7.11.9 പ്രകാരം ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കുന്ന 5 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള പ്രവൃത്തികളുടെ ഗുണഭോക്തൃ കമ്മിറ്റിയിൽ ഒരു സാങ്കേതിക വിദഗ്ധനെ ഉൾപ്പെടുത്തേണ്ടതുമാണ് (ആയത് അനുസരിച്ച് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്). എന്നാൽ ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.
2. മസ്റ്റർറോൾ :മസ്റ്റർറോളുകളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണവും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കാൻ താൽപ്പര്യപ്പെടുന്നു.

## 3-5 വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തത്.

2015-16 വർഷത്തിൽ നടത്തിയ വിവിധ പ്രവൃത്തികൾ സംബന്ധിച്ച്.

വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ഡി.ഡി.നം./തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| DD no. 164099/ 2.2.2016 | വട്ടവയൽ പൈപ്പ് ലൈൻ നീട്ടൽ project no 160/2016 | 150000 | Executive Engineer, kerala water authority, bathery |
| DDno. 164100/ 2.2.2016 | പന്ത്രണ്ടാം പാലം പൈപ്പ് ലൈൻ നീട്ടൽ project no 160/2016 | 210000 | Executive Engineer kerala water authority, bathery |

മേൽ പ്രവൃത്തി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-6 ഐ എ വൈ ഭവനം 2015-16

2015- 16 വർഷം കരാർ വയ്ക്കുകയും ആദ്യ ഗഡു മുൻകൂറായി വാങ്ങിയ ഒട്ടേറെ ഗുണഭോക്താക്കൾ വീട്ട നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | കൈപ്പറ്റിയ ആദ്യഗഡു തുക | വിഭാഗം |
|---|---|---|---|---|
| 1 | ത്രേസ്യാമ്മ തോമസ് | മുട്ടിൽ | 17,500 | ജനറൽ |
| 2 | നീന | -ടി- | 17,500 | -ടി- |
| 3 | വിചിത്ര സുകുമാരൻ | -ടി- | 17,500 | -ടി- |
| 4 | പെണ്ണമ്മ മാധവൻ | -ടി- | 17,500 | -ടി- |
| 5 | പാത്തുമ്മ | -ടി- | 17,500 | -ടി- |
| 6 | ഷിഹാബുദ്ധീൻ | -ടി- | 17,500 | -ടി- |
| 7 | പാത്തുമ്മ | -ടി- | 17,500 | -ടി- |
| 8 | പ്രേമലത | -ടി- | 17,500 | -ടി- |
| 9 | ബിന്ദു | -ടി- | 17,500 | എസ്.സി. |
| 10 | സരോജിനി | -ടി- | 17,500 | -ടി- |
| 11 | അമ്മു | -ടി- | 17,500 | S T |

| | | | | |
|---|---|---|---|---|
| 12 | തങ്ക | -ടി- | 17,500 | -ടി- |
| 13 | കറുത്ത | -ടി- | 17,500 | -ടി- |
| 14 | സരോജിനി | -ടി- | 17,500 | -ടി- |
| 15 | അമ്മിണി | -ടി- | 17,500 | -ടി- |
| 16 | കല്യാണി | -ടി- | 17,500 | -ടി- |
| 17 | വൽസല | -ടി- | 17,500 | -ടി- |
| 18 | രാഖി | -ടി- | 17,500 | -ടി- |
| 19 | ശാന്ത | -ടി- | 17,500 | -ടി- |
| 20 | തങ്കു | -ടി- | 17,500 | -ടി- |
| 21 | കവിത | -ടി- | 17,500 | -ടി- |
| 22 | ശ്രീജ | -ടി- | 17,500 | -ടി- |
| 23 | രജനി | -ടി- | 17,500 | -ടി- |
| 24 | ശാന്ത | -ടി- | 17,500 | -ടി- |
| 25 | ഊലി | -ടി- | 17,500 | -ടി- |
| 26 | വേണ | -ടി- | 17,500 | -ടി- |
| 27 | കറുത്ത | -ടി- | 17,500 | -ടി- |
| 28 | കൊയ്മ | -ടി- | 17,500 | -ടി- |
| 29 | ശാന്ത | -ടി- | 17,500 | -ടി- |
| 30 | വെള്ളൻ | -ടി- | 17,500 | -ടി- |
| 31 | ലീല | -ടി- | 17,500 | -ടി- |
| 32 | ഓമന | -ടി- | 17,500 | -ടി- |
| 33 | ശാന്ത | -ടി- | 17,500 | -ടി- |
| 34 | മാരൻ | -ടി- | 17,500 | -ടി- |
| 35 | ഉഷ | -ടി- | 17,500 | -ടി- |
| 36 | സരോജിനി | -ടി- | 17,500 | -ടി- |

| | | | | |
|---|---|---|---|---|
| 37 | വൽസ | -ടി- | 17,500 | -ടി- |
| 38 | ശാന്ത | -ടി- | 17,500 | -ടി- |
| 39 | ഹാജറ | പടിഞ്ഞാറത്തറ | 17,500 | general |
| 40 | അമ്പിളി | -ടി- | 17,500 | Sc |
| 41 | ചിപ്പി | -ടി- | 17,500 | S T |
| 42 | ലക്ഷ്മി | -ടി- | 17,500 | -ടി- |
| 43 | റുഖിയ | മേപ്പാടി | 17,500 | general |
| 44 | ശാന്ത | -ടി- | 17,500 | -ടി- |
| 45 | ദേവകി | -ടി- | 17,500 | -ടി- |
| 46 | കാർത്ത്യായനി | -ടി- | 17,500 | -ടി- |
| 47 | രാധാകൃഷ്ണൻ | -ടി- | 17,500 | sc |
| 48 | കറുപ്പി | -ടി- | 17,500 | S T |
| 49 | ബിന്ദു | -ടി- | 17,500 | -ടി- |
| 50 | കുമാരി | -ടി- | 17,500 | -ടി- |
| 51 | ശാന്ത | -ടി- | 17,500 | -ടി- |
| 52 | സരസു | -ടി- | 17,500 | -ടി- |
| 53 | കമല | -ടി- | 17,500 | -ടി- |
| 54 | വിദ്യ | -ടി- | 17,500 | -ടി- |
| 55 | പുഷ്പ | -ടി- | 17,500 | -ടി- |
| 56 | ശാന്ത | -ടി- | 17,500 | -ടി- |
| 57 | അനിത | -ടി- | 17,500 | -ടി- |
| 58 | അനിത | -ടി- | 17,500 | -ടി- |
| 59 | ദീപ | -ടി- | 17,500 | -ടി- |
| 60 | നീതു | -ടി- | 17,500 | -ടി- |
| 61 | സുശീല | -ടി- | 17,500 | -ടി- |

| | | | | |
|---|---|---|---|---|
| 62 | ബിന്ദു ബാബു | -ടി- | 17,500 | -ടി- |
| 63 | മീനാക്ഷി | -ടി- | 17,500 | -ടി- |
| 64 | ലക്ഷ്മി | -ടി- | 17,500 | -ടി- |
| 65 | സജിത | -ടി- | 17,500 | -ടി- |
| 66 | ചണ്ണ | -ടി- | 17,500 | -ടി- |
| 67 | അമ്മിണി | -ടി- | 17,500 | -ടി- |
| 68 | ശ്രീജ | -ടി- | 17,500 | -ടി- |
| 69 | ശാന്ത | -ടി- | 17,500 | -ടി- |
| 70 | കദിയുമ്മകുട്ടി | പൊഴുതന | 17,500 | general |
| 71 | ഹഫ്സത് | -ടി- | 17,500 | -ടി- |
| 72 | കദീജ | -ടി- | 17,500 | -ടി- |
| 73 | ദേവിക | -ടി- | 17,500 | SC |
| 74 | വള്ളിയമ്മ | -ടി- | 17,500 | ST |
| 75 | കല്യാണി | -ടി- | 17,500 | -ടി- |
| 76 | ദീപ സോമൻ | -ടി- | 17,500 | -ടി- |
| 78 | ശാന്ത കുമാരൻ | -ടി- | 17,500 | -ടി- |
| 79 | ശാന്തി | -ടി- | 17,500 | -ടി- |
| 80 | അമ്മിണി | -ടി- | 17,500 | -ടി- |
| 81 | ശാന്ത | -ടി- | 17,500 | -ടി- |
| 82 | കറുത്ത | -ടി- | 17,500 | -ടി- |
| 83 | ബേബി | -ടി- | 17500 | -ടി- |
| 84 | ബേബി | തരിയോട് | 17,500 | general |
| 85 | പ്രകാശൻ | -ടി- | 17,500 | general |
| 86 | തേരി | -ടി- | 17500 | ST |
| 87 | ഗീത വെളുക്കൻ | -ടി- | 17,500 | -ടി- |

| | | | | |
|---|---|---|---|---|
| 88 | സെലീന | മൂപ്പൈനാട് | 17,500 | general |
| 89 | തങ്കമണി | -ടി- | 17500 | SC |
| 90 | ലീല | -ടി- | 17,500 | ST |
| 91 | കമല | -ടി- | 17,500 | -ടി- |
| 92 | ലീല | -ടി- | 17,500 | -ടി- |
| 93 | ശാന്ത | -ടി- | 17,500 | -ടി- |
| 94 | ഗീത വാസു | കോട്ടത്തറ | 17500 | -ടി- |
| 95 | ശാന്ത | -ടി- | 17,500 | -ടി- |
| 96 | പ്രേമ | -ടി- | 17,500 | -ടി- |
| 97 | സുജാത | -ടി- | 17,500 | -ടി- |
| 98 | മീനാക്ഷി | -ടി- | 17,500 | -ടി- |
| 99 | വിനീത | -ടി- | 17,500 | -ടി- |
| 100 | ശാന്ത കയ്മ | -ടി- | 17,500 | -ടി- |
| 101 | തേയി | -ടി- | 17,500 | -ടി- |
| 102 | അവ്വൈ | -ടി- | 17,500 | -ടി- |
| 103 | അമ്മിണി | -ടി- | 17,500 | -ടി- |
| 104 | ശാന്ത | -ടി- | 17,500 | -ടി- |
| 105 | മിനി മനോജ് | -ടി- | 17,500 | -ടി- |
| 106 | ഗീത ബാബു | -ടി- | 17,500 | -ടി- |
| 107 | ശോഭ | -ടി- | 17,500 | -ടി- |
| 108 | കുംഭ | വൈത്തിരി | 17,500 | -ടി- |
| 109 | ഖദീജ | വെങ്ങപ്പള്ളി | 17,500 | general |
| 110 | കമല രാജൻ | -ടി- | 17,500 | ST |
| 111 | അമ്മിണി | -ടി- | 17,500 | -ടി- |
| 112 | ചുണ്ട | -ടി- | 17,500 | -ടി- |

ആദ്യ ഗഡു തുക മുൻകൂറായി കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ, ഭവന നിർമ്മാണം ആരംഭിക്കാൻ ആവശ്യമായ നടപടിയെടുക്കേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിൽ മറ്റ് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകളും, ബ്ലോക്ക്പഞ്ചായത്ത് പിൻവലിച്ച തുകയും ചെലവഴിക്കാൻ ബാക്കിയുണ്ട്.

## **3-7** ഭിന്നശേഷിയുള്ളവർക്ക്സ്കോളർഷിപ്പ് - വിനിയോഗ വിവരം ലഭ്യമല്ല- **1,25,000/-** രൂപ തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0106/16 |
| അടങ്കൽ | 2,00,000 (വികസന ഫണ്ട്) |
| ചെലവ് | 1,85,000/- |
| ബിൽ നം | 1/15-16 17.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ |

കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നല്കൽ എന്ന പ്രോജക്ടിന് 2015-16 വർഷം വികസനഫണ്ടിൽ നിന്ന് 2,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കല്പറ്റ ബ്ലോക്ക്പഞ്ചായത്ത് കോട്ടത്തറ ഗ്രാമപഞ്ചായത്ത്, വൈത്തിരി ഗ്രാമപഞ്ചായത്ത് എന്നിവ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയിൽ ബ്ലോക്ക്പഞ്ചായത്തിന്റെ വിഹിതമായി 2,00,000/- രൂപ വകയിരുത്തിയതിൽ 1,85,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം 1/15-16 17.3.16)ഈ തുകയിൽ നിന്ന് 60,000/- രൂപ (D.D നം 165750 18.3.16) S.B.I കല്പറ്റ) കോട്ടത്തറ ഗ്രാമപഞ്ചായത്തിനും (കൈപ്പറ്റ് രശീത് നം 765139 19.3.16), 1,25,000 രൂപ (D.D.നം 165749 18.3.16 S.B.I കല്പറ്റ) വൈത്തിരി ഗ്രാമപഞ്ചായത്തിനും (കൈപ്പറ്റ് രശീത് നം 777899 21.3.16) നല്കിയിട്ടുണ്ട്.

കോട്ടത്തറ ഗ്രാമപഞ്ചായത്തിന് നല്കിയ 60,000/- രൂപയുടെ ചെലവ് സംബന്ധിച്ചരേഖകൾ (ഓരോ ഗുണഭോക്താവിനും സ്കോളർഷിപ്പ് നല്കിയ വിവരം) ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും, വൈത്തിരി ഗ്രാമ പഞ്ചായത്തിന് നല്കിയ 1,25,000/- രൂപയ്ക്കുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. തുക ഗുണഭോക്താക്കൾക്ക് നല്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.2/15-16 തീയ്യതി 20.2.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ വൈത്തിരി ഗ്രാമപഞ്ചായത്തിന് നല്കിയ 1,25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## **3-8** ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ നല്കൽ -മൂല്യവർദ്ധിത നികുതി , വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവു തുക **29,65,455/-** രൂപ തടസ്സം.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക്സ്കൂട്ടർ നല്കൽ |
| പ്രോജക്ട് നം | S0107/16 |
| അടങ്കൽ | 29,68,527/- രൂപ |
| ചെലവ് | 29,65,455/- രൂപ |

| | |
|---|---|
| ബിൽ നം | 3/15-16 31.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ, കൽപ്പറ്റ |

കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 വർഷം ഭിന്നശേഷിയുള്ള 45 ഗുണഭോക്താക്കൾക്ക്സ്കൂട്ടർവിത്ത്സൈഡ് വീൽ (മുച്ചക്രവാഹനം) നല്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് 29,65,455/- രൂപ ചെലവഴിച്ച് മുച്ചക്രവാഹനം വാങ്ങിയത് പുളിമൂട്ടിൽ ഓട്ടോമൊബൈൽസ് വടവത്തൂർ പി.ഒ. കോട്ടയം എന്ന സ്ഥാപനത്തിൽനിന്നാണ്. (ബിൽനം6651,6652തിയ്യതി.23.3.16). ഒരു മുച്ചക്രവാഹനത്തിന് 59573.7 രൂപ എന്ന നിരക്കിൽ 45മുച്ചക്രവാഹനത്തിന് ആകെ വില 2680816.5 രൂപയാണ്. ഇതിന്റെ 14.5% മൂല്യവർദ്ധിത നികുതിയും ഒടുക്കേണ്ടതുണ്ട്. അതായത് 3,88,718/- രൂപ.എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ വാഹനം വാങ്ങിയ ക്യാഷ് ബിൽ പ്രകാരം 2,84,638.50 രൂപ മാത്രമേ മൂല്യവർദ്ധിത നികുതിയായി ഒടുക്കിയിട്ടുള്ളൂ. (ബിൽ നം 6651 23.3.16) മൂല്യവർദ്ധിത നികുതിയിനത്തിൽ ബാക്കി വരുന്ന 1,04,080/- രൂപ (3,88,718--2,84,638.50=1,04,080) ഒടുക്കിയിട്ടുണ്ടോ എന്ന് ഓഡിറ്റിന് ഹാജരാക്കിയ ക്യാഷ് ബില്ലിൽ നിന്നും വ്യക്തമല്ല. കൂടാതെ 45 ഗുണഭോക്താക്കൾക്ക് നൽകിയ 45 മുച്ചക്രവാഹനത്തിന്റെ മോട്ടോർ വാഹന വകുപ്പിൽ നിന്ന് ലഭ്യമാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കൾക്ക് വാഹനം ഓടിക്കാൻ ആവശ്യമായ ലൈസൻസ് എന്നിവയുടെ ശരിപകർപ്പ് ഓഡിറ്റിന് ഹാജരാക്കണമെന്നാരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 3/15-16 തീയ്യതി 21.2.17 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മൂല്യവർദ്ധിത നികുതി സ്പഷ്ടമായി കാണിക്കുന്ന ക്യാഷ് ബിൽ, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വാഹനം ഓടിക്കാനുള്ള ലൈസൻസ് എന്നിവയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവു തുകയായ 29,65,455/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 നിർവ്വഹണ ഉദ്യോഗസ്ഥർ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലെ അപാകതകൾ

a)ആശുപത്രികളുടെ നിത്യ ചെലവ്- ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക- ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആശുപത്രികളുടെ ദൈനംദിന ചെലവ് |
| പ്രോജക്ട് നം. | S0099/16 |
| അടങ്കൽ | 20,00,000/- രൂപ |
| ചെലവ് | 83,954/- രൂപ |
| ബിൽ നം. | 5/15-16 14 .3.16 |

കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി വൈത്തിരി താലൂക്ക് ആശുപത്രി, മേപ്പാടി, തരിയോട് സി.എച്ച്.സി. എന്നിവയുടെ ദൈനംദിന ചെലവുകൾക്കായി 2015-16 വർഷം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ഫണ്ടിൽ 20,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 83,954/- രൂപ ബിൽ നം 5/15-16 ആയി 14.3.16 ന് ജില്ലാ ട്രഷറി കല്പറ്റയിൽ നിന്ന് മേപ്പാടി സി.എച്ച്.സി യുടെ ദൈനംദിന ചെലവുകൾക്കായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ 2015-16 വർഷത്തെ ടി.ആർ 7എ ക്യാഷ്ബുക്കിൽ 83,954/- രൂപ വരവ് വന്നതായോ, ചെലവ് ചെയ്തതായോ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 5/15-16 28.2.17 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

തുകകൾ ക്യാഷ് ബുക്കിൽ ചേർക്കാത്തത് സർക്കാർ ഉത്തരവ് (പി)177/2006 ധനം 12.4.16,സർക്കാർ ഉത്തരവ് (പി)119/2015 ധനം 21.3.15 എന്നിവയുടെ ലംഘനമാണ്. ഇത്തരം അപാകതകൾ ഓഡിറ്റ് ഗൗരവമായി കാണുന്നു.

b)ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

ബിൽ നം 2/15-16 തീയ്യതി 31.3.16,ബിൽ നം 3/15-16 തിയ്യതി 31.3.16 പ്രകാരം ജില്ലാട്രഷറി കല്പറ്റയിൽനിന്ന് യഥാക്രമം 2,31,380/-രൂപ, 29,65,455/- രൂപ എന്നിവ ജില്ലാ ശിശുവികസന പദ്ധതി ഓഫീസർ പിൻവലിച്ചിട്ടുണ്ട്. കല്പറ്റ ബ്ലോക്ക്പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് (റോഡിതരം), വികസനഫണ്ട് എന്നീ അക്കൗണ്ടിലുള്ള മേൽതുകകൾ കല്പറ്റ, വൈത്തിരി ഐ.സി.ഡി.എസ്. ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം, ഭിന്നശേഷിയുള്ളവർക്ക്

മുച്ചക്രവാഹനം വാങ്ങൽ എന്നിവയ്ക്കു വേണ്ടിയാണ് ചെലവഴിച്ചത്. എന്നാൽ കല്പറ്റ ശിശുവികസന പദ്ധതി ഓഫീസർ ഓഡിറ്റിന് ഹാജരാക്കിയ 01.04.15 മുതൽ 31.03.16 വരെയുള്ള ടി.ആർ 7എ ക്യാഷ്ബുക്കിൽ മേൽ തുകകൾ വരവ് വന്നതായിട്ടോ, ചെലവ്ചെയ്തതായിട്ടോ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 4/2015-16 തീയ്യതി 22.02.17 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുകകൾ ക്യാഷ്ബുക്കിൽ ചേർക്കാത്തത് സർക്കാർ ഉത്തരവ് (പി)177/2006 ധനം 12.4.16,സർക്കാർ ഉത്തരവ് (പി)119/2015 ധനം 21.3.15 എന്നിവയുടെ ലംഘനമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 83,954/-രൂപയുടെ ചെലവു വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**c)**<u>ചെലവ് തുക ക്യാഷ് ബുക്കിൽ ചേർക്കുന്നില്ല</u>

കല്പറ്റ ബ്ലോക്ക്പഞ്ചായത്ത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16വർഷം വികസനഫണ്ടിൽ നിന്ന് കൃഷി അസി.ഡയറക്ടർ, കല്പറ്റ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾക്ക് യഥാക്രമം 93,387/- രൂപയും, 1,50,000/- രൂപയും നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ കൃഷി.അസി .ഡയറക്ടറുടെ ടി.ആർ 7എ ക്യാഷ്ബുക്കിൽ തുക വരവ് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്ത വിവരം കാണുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | നിരവ്വഹണം | പ്രോജക്ട് | പിൻവലിച്ച തുക, ട്രഷറി | ക്യാഷ് ബുക്ക് അപാകം |
|---|---|---|---|---|
| 1 | അസി.ഡയറക്ടർ, കൃഷി,കല്പറ്റ | വനിതാ ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങൽ S0166/16 | 70,000/-രൂപ ബിൽനം 2/15-16, 19.8.15 20,000/- രൂപ ബിൽ നം.3/15-16 15.9.15 ജില്ലാ ട്രഷറി കല്പറ്റ | 70,000/-രൂപ പിൻവലിച്ചതിൽ 1,300/- രൂപയുടെ ചെലവ് ക്യാഷ് ബുക്കിൽ ഇല്ല. 20,000/-രൂപയുടെ ചെലവ് ക്യാഷ് ബുക്കിൽ ഇല്ല. |
| 2 | " | ചോലപ്പുറം പാടശേഖരസമിതിക്ക് പവർടില്ലർ S0216/16 | 150,000/- രൂപ 1/15-16 19.8.15 ജില്ലാ ട്രഷറി കല്പറ്റ | 150,000രൂപയുടെ ചെലവ് ക്യാഷ് ബുക്കിൽ ഇല്ല. |

പദ്ധതി ചെലവിലേക്കായി ട്രഷറിയിൽ നിന്നും പിൻ വലിച്ച തുക ക്യാഷ്ബുക്കിൽ ചെലവ് ചെയ്തതായി രേഖപ്പെടുത്താത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 7/2015-16 തീയ്യതി 1.3.17 നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തുകകൾ ക്യാഷ്ബുക്കിൽ ചേർക്കാത്തത് സർക്കാർ ഉത്തരവ് (പി)177/2006 ധനം 12.4.16,സർക്കാർ ഉത്തരവ് (പി)119/2015 ധനം 21.3.15 എന്നിവയുടെ ലംഘനമാണ്. ഇത്തരം അപാകതകൾ ഓഡിറ്റ് ഗൗരവമായി കാണുന്നു.

## 3-10 <u>കാർഷീക ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ,കരാർ ഉടമ്പടി എന്നിവ സൂക്ഷിച്ചിട്ടില്ല 5,00,000 രൂപ തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മരവയൽ, പുലിമുണ്ട,മാവുങ്കണ്ടി പാടശേഖര സമിതികൾക്ക് കാർഷിക ഉപകരണങ്ങൾ |

| | |
|---|---|
| പ്രോജക്ട് നം | S0087/16 |
| അടങ്കൽ | 5,00,000/- രൂപ |
| ബിൽനം. ചെലവ് | 6/15-16 19.1.16 3,40,000/- രൂപ |
| | 9/15-16 22.3.16 160,000/- രൂപ |

കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16വർഷം മരവയൽ, പുലിമുണ്ട,മാവുങ്കണ്ടി പാടശേഖര സമിതികൾക്ക് കാർഷീക ഉപകരണങ്ങൾ നല്കൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 5,00,000രൂപ വകയിരുത്തിയിട്ടുണ്ട്. അസി.ഡയറക്ടർ, അഗ്രികൾച്ചർ,കല്പറ്റ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ വികസനഫണ്ടിൽ നിന്ന് 5,00,000/- രൂപ ചെലവഴിച്ച് കാർഷിക ഉപകരണങ്ങൾ (പവർ ടില്ലർ,റോക്കർ സ്പെയർ) വാങ്ങുകയാണുണ്ടായത്. (ബിൽ നം 4669,4670 22.9.15,22.3.16 റെയ്ഡ്കോ, കല്പറ്റ). 5,00,000/- രൂപ ചെലവഴിച്ച് വാങ്ങിയ കാർഷീക ഉപകരണങ്ങൾ മരവയൽ, പുലിമുണ്ട,മാവുങ്കണ്ടി എന്നീ പാടശേഖര സമിതികൾക്ക് നൽകുമ്പോൾ ഉണ്ടാക്കേണ്ട ഉടമ്പടി കരാർ, കാർഷീക ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 11/2015-16 2.3.17 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പുലിമുണ്ട,മാവുംകണ്ടി,മരവയൽ എന്നീ പാടശേഖര സമിതികൾക്ക് കാർഷിക ഉപകരണങ്ങൾ നൽകുന്നതിന് ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ നൽകിയ കാർഷിക ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ എന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല.

ബിൽ നം 19/15-16 തീയ്യതി 30.3.16, ബിൽ നം 21/15-16 തിയ്യതി 30.3.16 പ്രകാരം ജില്ലാട്രഷറി കല്പറ്റയിൽനിന്ന് യഥാക്രമം 7,91,800/- രൂപ, 60,000/- രൂപ എന്നിവ പട്ടികജാതി വികസന ഓഫീസർ പിൻവലിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്ന് 13-04-16 ന് 3,43,800/- രൂപയും 27/04/16 ന് 17,000/- രൂപയും (മൊത്തം 3,60,800/-) മാത്രമേ ചെലവഴിച്ചുള്ളൂ. ബാക്കി തുക ട്രഷറിയിൽ തിരിച്ചടക്കാതെ, 30/05/16 ന് 2,25,000/- രൂപയും 17/06/16 ന് 2,23,000/- രൂപയും ചെലവഴിച്ചു. പിൻവലിച്ചതിന്റെ ബാക്കിയായ 43,000/- 30/09/16ന് മാത്രമാണ് തിരിച്ചടച്ചത്. ഇത് സ.ഉ (പി) 177/2006 ധനം 12.04.2006, സ.ഉ (പി) 119/2015 ധനം 21.03.2015 എന്നിവയുടെ ലംഘനമാണ്. അവശേഷിക്കുന്ന തുക പലിശ സഹിതം തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്ക് എൽ.എം.വിഓട്ടോറിക്ഷാ പരിശീലനം- ഗ്രാമസഭ അംഗീകരിക്കാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്ക് എൽ.എം.വി/ഓട്ടോറിക്ഷാ പരിശീലനം |
| പ്രൊജക്ട് നം | 171/16 |
| അടങ്കൽ | 3,10,000/- രൂപ |
| ചെലവ് | 17,000/- |
| ബിൽ നംമ്പർ | 21/15-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വനിതകളുടെ സാമൂഹിക ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് തുടങ്ങിയ മേൽ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭയിൽ അംഗീകരിക്കാതെയാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല എന്ന് സർക്കാർ ഉത്തരവ് നം (എം.എസ്).362/2013 /ത.സ്വ.ഭ.വ തീയ്യതി 16.11.2013 ൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 17,000/-

തടസ്സത്തിൽ വയ്ക്കുന്നു.

## **3-13** വിജ്ഞാൻ വാടികൾ ശക്തിപ്പെടുത്തൽ-ചെലവ് തുക **7,91,800/-** രൂപ തടസ്സത്തിൽ വക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിജ്ഞാൻ വാടികൾ ശക്തിപ്പെടുത്തൽ |
| പ്രോജക്ട് നം. | S0228/16 |
| അടങ്കൽ | 10,00,000/- രൂപ |
| ചെലവ് | 7,91,800/- |
| ബിൽ നംമ്പർ | 19/15-16 തിയ്യതി 30/03/15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യം വച്ച് കൊണ്ട് 9 വിജ്ഞാൻ വാടികൾക്ക് കമ്പ്യൂട്ടർ, മേശ, പുസ്തകങ്ങൾ എന്നിവ വിതരണം നടത്തുന്നതിനായി കറന്റ് ബുക്സ് കൽപ്പറ്റയിൽ നിന്ന് 2,25,000/- രൂപയുടെ പുസ്തകങ്ങളും എസ്.ആർ അസോസിയേറ്റ്സിൽ നിന്ന് 2,23,000/- രൂപയുടെ അലമാരകളും ഇൻഫോമാക് സിസ്റ്റംസ് കൽപ്പറ്റയിൽ നിന്ന് 3,43,800/- രൂപയുടെ കമ്പ്യൂട്ടർ ചെയർ,ടേബിൾ എന്നിവയും വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ സാധനങ്ങൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ഇത് ഗുരുതരമായ വീഴ്ചയാണ്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.9/15-16 തിയ്യതി 1-03-17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 7,91,800/- രൂപ തടസ്സത്തിൽ വക്കുന്നു.

## **3-14** പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - ചെലവ് തുക **4,99,995/-** തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| പ്രോജക്ട് നം. | 229/16 |
| അടങ്കൽ | 5,00,000/- രൂപ |
| ചെലവ് | 4,99,995/- രൂപ |
| ബിൽ നം. | 20/15-16തിയ്യതി 30/03/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പരമായ ഉന്നമനത്തിന് ഉതകുന്ന രീതിയിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി വിഭാവനം ചെയ്തു നടപ്പിലാക്കിയ ലാപ് ടോപ്പ് വിതരണ പദ്ധതിയിലേക്ക് 15 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് 15 ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഈ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിക്കാതെയാണ് തെരഞ്ഞെടുത്തത്.

സർക്കാർ ഉത്തരവ് നം.(ആർ.റ്റി).787/2015/ത.സ്വ.ഭ.വ തീയ്യതി 18.03.15 പ്രകാരം പ്രൊഫഷണൽ,പോസ്റ്റ് ഗ്രാജ്വേറ്റ്, കംപ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളി ടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതിയില്ല. മാത്രമല്ല വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല എന്ന് സർക്കാർ ഉത്തരവ് നം (എം.എസ്).362/2013/ത.സ്വ.ഭ.വ തീയ്യതി 16.11.2013 ൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസറോട് ഓഡിറ്റ് എൻക്വയറി നം.10/15-16 തിയ്യതി 01-03-17 പ്രകാരം വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4,99,995/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-15 പഞ്ചിംഗ് മെഷീൻ -വാറണ്ടി കാലാവധി തീരുന്നതിനു മുൻപ് പ്രവർത്തന ക്ഷമമല്ലാതായി-ചെലവ് തുക 21925/-രൂപ തടസ്സത്തിൽ വക്കുന്നു.

| | |
|---|---|
| ചെലവ് | 21,925/- രൂപ |
| വൗച്ചർ നം. | 374/15-16 തിയ്യതി:22/09/15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |

കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 9/7/15 തിയ്യതിയിലെ 4/15-16 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുകയുണ്ടായി. ക്യാഷ് ബിൽ നം. GLO/INV /GPS/KBP/300715-24/15-16 തിയ്യതി 30-07-15 പ്രകാരം Globees Solutions India Pvt.Ltd,Vytila,Cochin എന്ന സ്ഥാപനത്തിൽ നിന്നാണ് പഞ്ചിംഗ് മെഷീൻ Rs.21,925/-രൂപാ മുടക്കി വാങ്ങി സ്ഥാപിച്ചത്. കരാർ പ്രകാരം പഞ്ചിംഗ് മെഷീൻന്റെ വാറണ്ടി ഒരു വർഷമാണ്. എന്നാൽ വാറണ്ടി കാലാവധി തീരുന്നതിനു മുൻപ് മെഷീൻ പ്രവർത്തന ക്ഷമമല്ലാതായി. ഈ ഉപകരണത്തിന് ചെലവായ 21,925/-രൂപ തടസ്സത്തിൽ വക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | GO(MS)No 310/2008/LSG Dt.22/11/08 | 24310800 | 93,93,764 | ഇല്ല | ഇല്ല | 93,93,764 |

## 4-2 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.3.6 | 2012-13 | 3.3.6 | ഖര ദ്രവ്യ മാലിന്യ പരിപാലനം | പരാമർശമില്ല. |
| 2013-14 | 2 | 2013-14 | 5.3.5(2) | ചെറുകിട വ്യവസായ മേഖലക്ക് വകയിരുത്തുന്ന തുകകൾ ശരിയായ വിധം ചെലവഴിച്ചില്ല. | മറുപടി നൽകി |
| 2013-14 | 2 | 2013-14 | 5.3.6(6) | വനിതാ വ്യവസായഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ | മറുപടി നൽകി |

## 4-3 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31,43,52,693/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 20,93,19,174/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,495/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,21,175/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5,450/- | ശ്രീ. റോയ് ഐസക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-3(1) | - | 9,045/- | -ടി- |
| 3-3(2) | - | 8,000/- | -ടി- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-7 | 1,25,000 | ശ്രീമതി.മായാദേവി. എം.ആർ ശിശുവികസന പദ്ധതി ഓഫീസർ |
| 3-8 | 29,65,455 | -ടി- |
| 3-10 | 5,00,000 | വി ടി സുലോചന, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി,കൽപ്പറ്റ |
| 3-12 | 17,000 | ഡായിമോൻ.ജി.എസ്സ്,പട്ടികജാതി വികസന ഓഫീസർ |
| 3-13 | 7,91,800 | ഡായിമോൻ.ജി.എസ്സ്,പട്ടികജാതി വികസന ഓഫീസർ |
| 3-14 | 4,99,995 | ഡായിമോൻ.ജി.എസ്സ്,പട്ടികജാതി വികസന ഓഫീസർ |
| 3-15 | 21,925 | ശ്രീ. പി.ജി.കണ്ണൻ നായർ, സെക്രട്ടറി, ബ്ലോക്ക്പഞ്ചായത്ത് കൽപ്പറ്റ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

--ഇല്ല--

## **4-4** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ്(തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം) |
|---|---|---|
| 1996-97(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി4-103/99തീ.10.03.99 | 10 |
| 1997-98(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-501/00തീ.4.1.01 | 31 |
| 1998-99(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-731/00തീ.16.04.01 | 14 |
| 1999-00(പ്ലാൻ) | എൽ.എഫ്.ഡബ്ല്യൂ.പി2-570/03തീ.7.4.04 | 10 |

| | | |
|---|---|---|
| 2000-01(പ്ലാൻ) | എൽ.എഫ്.ഡബ്ല്യ.പി1-344//04.തീ4.10.05 | 10 |
| 2001-02(പ്ലാൻ) | എൽ.എഫ്.ഡബ്ല്യ.പി2-345/05.തീ.8.2.05 | 6 |
| 2002-03(പ്ലാൻ) | എൽ.എഫ്.ഡബ്ല്യ.പി5-549/06.തീ.10.10.06 | 9 |
| 2006-07 | എൽ.എഫ്.ഡബ്ല്യ.പി5-1073/11.തീ.15.2.12 | 10 |
| 2007-08,08-09 | എൽ.എഫ്.ഡബ്ല്യ.പി5-908/12.തീ.12.3.12 | 26 |
| 2009-10 | എൽ.എഫ്.ഡബ്ല്യ.ഇ2-359/13 തീ.3.9.13 | 19 |
| 2010-11,11-12 | എൽ.എഫ്.ഡബ്ല്യ.ഇ3-953/13 തീ.3.3.15 | 10 |
| 2012-13, 2013-14 | കെ എസ് എ(ഡബ്ല്യ വൈ ഡി) എം2/ 407/2015 | |
| 2014-15 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/708/2016 | 5 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,വയനാട് ജില്ല.

# Anexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)എം.1/163/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ – 673121
തിയ്യതി : 20.03.2017.
Phone- 04936 203672
Email- dowyd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽകല്പ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

# Anexure-1

## AUDIT CERTIFICATE

No. KSA.(WYD)M.1/163/2017

Kerala State Audit Department
District Audit Office,

Wayanad, Kalpetta,

Dated.20.03.2017.

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement ofKalpetta Block Panchayath in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements ofKalpetta Block panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director
Kerala Stat Audit Department
District office, Wayanad.